കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി
KERALA STATE LITERACY MISSION AUTHORITY
(GENERAL EDUCATION DEPARTMENT, GOVERNMENT OF KERALA)
T.C. No.27/1461 Convent Road, Kammattam Lane, Vanchiyoor, Thiruvananthapuram-35
Phone: 0471-2472253, 2472254, Fax : 0471-2462252, E-mail: stateliteracymission@gmail.com

തീയതി: 07.05.2018

## ഇനി ചരിത്രശേഷിപ്പുകൾ വെളിച്ചത്തിലേക്ക്

# 70,000 തുല്യതാപഠിതാക്കളെ അണിനിരത്തി ചരിത്രരേഖ സർവേ മെയ് 9ന് തുടങ്ങുന്നു

## സർവേയുടെ സംസ്ഥാനതല ഉദ്ഘാടനം മന്ത്രിമാരുടെ നേതൃത്വത്തിൽ കവി ഒ.എൻ.വി കുറുപ്പിന്റെ വീട്ടിൽ നിന്നും

തിരുവനന്തപുരം: സംസ്ഥാനത്ത് പുരാരേഖ ശേഖരണവും പരിപാലനവും വിപുലമാക്കുന്നതിന്റെ ഭാഗമായി പുരാരേഖ വകുപ്പുമായി സഹകരിച്ച് സാക്ഷരതാമിഷന്റെ നേതൃത്വത്തിൽ മെയ് 9ന് ചരിത്രരേഖ സർവേ നടത്തും. മലയാളത്തെ കാവ്യസാന്ദ്രമാക്കിയ കവി ഒ.എൻ.വി കുറുപ്പിന്റെ വഴുതക്കാട്ടെ വീട്ടിൽ നിന്നുമാണ് കേരള ചരിത്രത്തിൽ ഇടംനേടാവുന്ന ചരിത്രരേഖ സർവേക്ക് തുടക്കം കുറിക്കുന്നത്. മെയ് 9ന് രാവിലെ 8ന് വിദ്യാഭ്യാസവകുപ്പ് മന്ത്രി പ്രൊഫ.സി.രവീന്ദ്രനാഥ്, പുരാവസ്തു വകുപ്പ് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി എന്നിവർ കവി ഒ.എൻ.വി കുറുപ്പിന്റെ ഭാര്യ സരോജിനിയിൽ നിന്നും അദ്ദേഹത്തിന്റെ ആദ്യകാല കയ്യെഴുത്തു പ്രതികൾ സ്വീകരിക്കുന്നതോടെ, സംസ്ഥാനമൊട്ടാകെ ചരിത്രരേഖ സർവേക്ക് തുടക്കമാകും.

സാക്ഷരതാമിഷന്റെ പത്താംതരം, ഹയർ സെക്കൻഡറി തുല്യതാ പഠിതാക്കൾ മുഖേനയാണ് ചരിത്രരേഖ സർവേ നടത്തുന്നത്. സാക്ഷരതാമിനുകീഴിൽ നിലവിൽ പത്താംതരം, ഹയർ സെക്കൻഡറി തുല്യതാ കോഴ്സുകളിൽ പഠിച്ചുവരുന്ന 70,000 പഠിതാക്കളെയാണ് ഇതിനായി നിയോഗിക്കുന്നത്.

ഒട്ടേറ ചരിത്രസ്മാരകങ്ങളും ചരിത്രരേഖകളും കേരളത്തിലുണ്ടെങ്കിലും ഭൂരിഭാഗവും പൊതുസമൂഹത്തിൽ നിന്നും വിസ്മൃതിയിലായ സാഹചര്യമാണുള്ളത്. അവ കണ്ടെത്തുന്നതിനും സംരക്ഷിക്കുന്നതിനുമായാണ് ചരിത്രരേഖ സർവേ നടത്തുന്നത്. സാക്ഷരതാമിഷന്റെ സാമൂഹ്യസാക്ഷരതാ പരിപാടിയുടെ ഭാഗമായാണിത് സംഘടിപ്പിക്കുന്നതെന്ന് ഡയറക്ടർ ഡോ. പി.എസ്. ശ്രീകല പറഞ്ഞു.

സംസ്ഥാനത്തെ മുഴുവൻ സാക്ഷരതാ പ്രവർത്തകരുടെയും സേവനം പ്രയോജനപ്പെടു

ത്തി നടത്തുന്ന സർവേ, ഗ്രാമീണമേഖലയിലടക്കം ചരിത്രശേഷിപ്പുകളുടെ വിവരശേഖരണത്തിന് ഗുണകരമാകുമെന്നാണ് സാക്ഷരതാമിഷന്റെ വിലയിരുത്തൽ. താളിയോലകളും വട്ടെഴുത്ത് – കോലെഴുത്ത് ലിഖിതങ്ങളുമടക്കം വെളിച്ചം കാണാത്ത നിരവധി ചരിത്രശേഷിപ്പുകൾ സ്വകാര്യവ്യക്തികളുടെ നിയന്ത്രണത്തിലുമുണ്ട്. ഇവയെക്കുറിച്ച് കൃത്യമായ വിവരം പുരാരേഖ വകുപ്പിനും ലഭ്യമല്ല.ഇത്തരം ചരിത്രശേഷിപ്പുകളും രേഖകളും സർവേയിലൂടെ കണ്ടെത്തുകയാണ് ലക്ഷ്യം.

വ്യക്തി എന്ന നിലയിലോ രണ്ടോ, മൂന്നോ പേർ അടങ്ങുന്ന സംഘം എന്ന നിലയിലോ സർവേ ടീമുകൾക്ക് രൂപം നൽകും. ഓരോ പഠിതാവും ഒരു രേഖയെങ്കിലും കണ്ടത്തേണ്ടതാണ്. 25 വർഷമെങ്കിലും പഴക്കമുള്ള ചരിത്രരേഖകളാണ് സർവേയിലൂടെ കണ്ടത്തേണ്ടത്. ചരിത്രരേഖ സർവേയ്ക്കുള്ള ഫോറങ്ങളും ചരിത്രരേഖ എന്തെല്ലാമെന്നുമുള്ള വിവരങ്ങൾ സാക്ഷരതാമിഷൻ നൽകും. കത്തുകൾ, കൈയെഴുത്തു പ്രതികൾ, താളിയോലകൾ, ശാസനങ്ങൾ, പുസ്തകങ്ങൾ തുടങ്ങിയവയാണ് ചരിത്രരേഖകളായി പരിഗണിക്കുന്നത്. ഉദാഹരണമായി ഒന്നാം ഘട്ട സാക്ഷരതാപ്രവർത്തനത്തിന്റെ രേഖകൾ പോലുള്ളവയുടെ വിവരങ്ങൾ.

ചരിത്രരേഖ സർവേക്ക് മുന്നോടിയായി ഓരോ തുല്യതാപഠനകേന്ദ്രത്തിലും പഠിതാക്കളുടെ മീറ്റിംഗ് ചേരുകയും സർവേ ഫോറങ്ങൾ, മാർഗനിർദ്ദേശങ്ങൾ എന്നിവ പഠിതാക്കളെ പരിചയപ്പെടുത്തുകയും ചെയ്യും. ചരിത്രരേഖ സംബന്ധിച്ചുള്ള പ്രാഥമിക വിവരങ്ങൾ, സൂക്ഷിച്ചിരിക്കുന്ന വ്യക്തിയുടെ പേര്, രേഖയുടെ സവിശേഷത എന്നിവ മാത്രം രേഖപ്പെടുത്തുന്ന വിധമാണ് സർവേ ഫോറങ്ങൾ തയ്യാറാക്കിയിരിക്കുന്നത്.

മെയ് 27ന് സർവേ പൂർത്തിയാക്കും.ജൂൺ 3 മുതൽ സർവേ വിവരങ്ങൾ പഠനകേന്ദ്രങ്ങളിൽ ക്രോഡീകരിക്കും. ഓരോ പഠനകേന്ദ്രത്തിലും ചരിത്രരേഖ സർവേ രജിസ്റ്റർ തയാറാക്കി സൂക്ഷിക്കും. ജൂൺ 13ന് ചരിത്രരേഖ സർവേയുടെ സംസ്ഥാനതല റിപ്പോർട്ട് പുരാരേഖ വകുപ്പിനു കൈമാറാനാണ് സാക്ഷരതാമിഷൻ ലക്ഷ്യമിടുന്നത്.

സാമൂഹ്യസാക്ഷരതാ പദ്ധതിയുടെ ഭാഗമായി ജലസാക്ഷരതാക്ലാസ്, ലിംഗസമത്വബോധനം എന്നീ പരിപാടികളും ഈ വർഷം സാക്ഷരതാമിഷന്റെ നേതൃത്വത്തിൽ നടത്തുമെന്ന് ഡോ. പി.എസ്.ശ്രീകല പറഞ്ഞു.

**പബ്ലിക് റിലേഷൻസ് ഓഫീസർ**